


## വിചിന്തനം

ഓഗസ്റ്റ് 2024

ആദിപാപത്തിനുശേഷം ആദവും ഹവ്വയും ആദ്യം ചെയ്തത് ദൈവത്തിൽനിന്നു മറഞ്ഞിരിക്കാനായി ഒരിടം തേടുകയാണ്. പാപം അന്നും ഇന്നും ചെയ്തുപോയതിനെക്കുറിച്ച് നമ്മിൽ ലജ്ജയുണ്ടാക്കും. ലജ്ജയിൽ ആണ്ടുപോയ ആദി മാതാപിതാക്കൾ ഒളിച്ചിരുന്നു. എന്നാൽ ദൈവം അവരെ തേടിയെത്തുകയാണ്, അവിടന്ന് എപ്പോഴും ചെയ്യുന്നതുപോലെ.

നാം ചെയ്തുപോയ പാപങ്ങളുടെ ആഴം മനസ്സിലാകുമ്പോൾ നമ്മിൽ കുറ്റബോധവും ലജ്ജയും നിറയും. നാം എല്ലാവരുംതന്നെ ഏതെങ്കിലുമൊക്കെ സമയങ്ങളിൽ ഇതനുഭവിച്ചിട്ടുണ്ടാകണം. പാപം നമ്മിൽ ഉണർത്തുന്ന വല്ലായ്മ സമൂഹത്തിലും ഇതര ബന്ധങ്ങളിലും അസ്വീകാര്യരാണെന്ന തോന്നൽ ഉളവാക്കുന്നു. മറ്റുള്ളവരുടെ കണ്ണിൽ നാം ചെറുതാകുന്ന അനുഭവം. നമ്മുടെ പരാജയങ്ങൾ, കുടുംബാംഗങ്ങളിലൊരാളുടെ വഴിപിഴയ്ക്കൽ, ആത്മീയമോ ഭൗതികമോ ആയ തീരുമാനങ്ങളിലെ നഷ്ടങ്ങൾ, ചുമതലകൾ നിർവഹിക്കുന്നതിനുള്ള കഴിവില്ലായ്മ എന്നിവയെല്ലാം നമ്മിൽ കുറ്റബോധവും ലജ്ജയും ജനിപ്പിക്കാം. ലൈംഗിക പാപങ്ങളും അവയോടൊപ്പമുണ്ടാകുന്ന തകർച്ചകളുമാണ് അവയിൽ ഏറ്റവും അസഹനീയമാകാറുള്ളത്. ആത്മാർഥമായ ഏറ്റുപറച്ചിലിലൂടെയും പശ്ചാത്താപത്തിലൂടെയും കുറ്റബോധം കഴുകിപ്പോകുമ്പോഴും അപമാനഭാരം നമ്മെ വിട്ടുമാറാതെ നിൽക്കാറുണ്ട്. കുറ്റബോധം നാം ചെയ്ത ഒരു കാര്യത്തിനെ ക്കുറിച്ചാണെങ്കിൽ ലജ്ജ നാം ആരാണെന്നതിനെക്കുറിച്ചാണ്.

ലജ്ജയെന്ന ആന്തരികഭാവത്തിൽ തുടരുന്നത് നമ്മുടെ മാനസികാവസ്ഥയെ ഗുരുതരമായി ബാധിച്ചേക്കാം. അത് നമ്മെ മറ്റുള്ളവരിൽനിന്നും ദൈവത്തിൽനിന്നും നമ്മിൽ നിന്നുതന്നെയും കൂടുതൽ അകറ്റും. അപമാനത്തിന്റെ വിഷമവൃത്തത്തിൽ നാം അകപ്പെട്ടിരിക്കുകയാണെന്നും അതിനുപുറത്തുകടക്കാൻ ഒരുവഴിയുമില്ലെന്നും നമുക്കു തോന്നിപ്പോകും. അപമാനഭാരം പിന്നീട് കുറ്റപ്പെടുത്തലായി രൂപാന്തരപ്പെടും. നമ്മെത്തന്നെയും നമുക്ക് അപമാനം വരുത്തിവച്ചയാളെയും ഇതെല്ലാം അനുവദിച്ചെന്ന പേരിൽ ദൈവത്തെയും നാം കുറ്റപ്പെടുത്തും. നമുക്ക് നമ്മോടുതന്നെയും മറ്റുള്ളവരോടും ദൈവത്തോടുമുള്ള ബന്ധം ഇതോടെ തകരുകയും ചെയ്യും. പാപംനിറഞ്ഞ ഭൂതകാലത്തെക്കുറിച്ചുള്ള ലജ്ജ ദൈവത്തിലേക്ക് അടുക്കുന്നതിൽ നിന്ന് നമ്മെ തടയാറുണ്ട്. ലജ്ജ മറച്ച് സമൂഹത്തിൽ ജീവിക്കാനായി നാം പല മുഖംമൂടികൾ അണിയാനും നിർബന്ധിതരാകും. നോക്കുക, ലജ്ജ നമ്മുടെ ജീവിതം എത്രത്തോളം ദുസ്സഹമാക്കുന്നു!

അതേസമയം, ലജ്ജാകരമായ അവസ്ഥയിൽ തുടരാൻ അനുവദിക്കാത്ത ഒരു ദൈവമാണ് നമുക്കുള്ളത് എന്നതാണ് നമ്മുടെ ആശ്വാസം. ലജ്ജയിൽനിന്നു നമ്മെ മോചിപ്പിക്കാൻ അവൻ സ്വയം ശൂന്യനാക്കി, ദാസന്റെ രൂപം സ്വീകരിച്ച്, അപമാനിതനായി കുരിശിൽ മരിച്ചു (ഫിലിപ്പി. 2, 68). അത്തി ഇലകൾ ഉപയോഗിച്ച് നാണം മറയ്ക്കാനുള്ള മക്കളുടെ പാഴ്ശ്രമം കാണുന്ന ദൈവപിതാവിന്റെ ഹൃദയം എത്രത്തോളം വേദനിക്കുന്നുണ്ടാകും! ആശയക്കുഴപ്പത്തിലും ഭീതിയിലും ലജ്ജയിലും മുങ്ങി, തങ്ങൾ നഗ്നരാണെന്ന ബോധത്തിൽ അവർ ഒളിച്ചിരിക്കുന്ന ഇടങ്ങളിലേക്ക് ദൈവം എത്തുകയാണ്. തന്റെ സ്നേഹകരങ്ങളാൽ അവിടുന്ന് വസ്ത്രമുണ്ടാക്കി അവരെ ധരിപ്പിക്കുന്നു. വസ്ത്രമുണ്ടാക്കാനുപയോഗിച്ച തോൽ ഏതെങ്കിലും മൃഗത്തിന്റേതായിരുന്നോ? അങ്ങനെയെങ്കിൽ ഒരു പക്ഷെ, രക്തം ആദ്യമായി ഭൂമിയിൽ വീണത് മനുഷ്യന്റെ നാണം മറയ്ക്കാനാകണം. മനുഷ്യകുലത്തിന്റെ നാണം മറയ്ക്കാനായി കാൽവരിയിൽ ദൈവപുത്രൻതന്നെ രക്തംചിന്തിയ സംഭവത്തിന്റെ ഒരു മുന്നാവിഷ്കരണം തന്നെയായിരിക്കും ഇത്.

മനുഷ്യാവതാരത്തിലൂടെ മനുഷ്യന്റെ ലജ്ജയുടെ അവസ്ഥയുമായി യേശു ആഴത്തിൽ അനുരൂപനായത് നമ്മുക്ക് കാണാം. അവനു വലിയ കുടുംബമഹിമ അവകാശപ്പെടാനുണ്ടായിരുന്നില്ല. അവന്റെ ജനനസമയത്ത് നല്ലൊരു സ്ഥലം കണ്ടെത്താൻപോലും ജോസഫിനു കഴിഞ്ഞില്ല. പരസ്യജീവിതകാലത്ത് സമൂഹത്തിലെ ഏറ്റവും താഴേക്കിടയിലുള്ള വേശ്യകളോടും ചുങ്കക്കാരോടുമെല്ലാം അവൻ സൗഹൃദത്തിലായിരുന്നു. അങ്ങനെ തൊഴുത്തിലെ ജനനം മുതൽ കാൽവരിയിൽ വിരൂപനായി, നഗ്നനായി മരിക്കുന്നതുവരെ അവൻ അപമാനം സ്വയം ഏറ്റുവാങ്ങി. ''നമ്മുടെ ബലഹീനതകളിൽ നമ്മോടൊത്തു സഹതപിക്കാൻ കഴിയാത്ത ഒരു പ്രധാനപുരോഹിതനല്ല നമുക്കുള്ളത്; പിന്നെയോ, ഒരിക്കലും പാപം ചെയ്തിട്ടില്ലെങ്കിലും എല്ലാ കാര്യങ്ങളിലും നമ്മെപ്പോലെ പരീക്ഷിക്കപ്പെട്ടവനാണ് അവൻ'' (ഹെബ്രാ 4,15). ''എന്തെന്നാൽ, അവനിൽ നാമെല്ലാവരും ദൈവത്തിന്റെ നീതിയാകേണ്ടതിന്, പാപം അറിയാത്തവനെ ദൈവം നമുക്കുവേണ്ടി പാപമാക്കി'' (2 കോറി 5, 21).

ജീവിതത്തിൽ നമുക്ക് വീഴ്ചകളുണ്ടാകാറുണ്ട്. അപ്പോഴെല്ലാം സാത്താൻ നമ്മിൽ കുറ്റമാരോപിക്കുകയും നമ്മെ ലജ്ജയിലാഴ്ത്താൻ ശ്രമിക്കുകയും ചെയ്യും. എങ്ങനെയാണ് അനുദിന ജീവിതത്തിൽ നാം ഇതിനെ മറികടക്കുന്നത് ? ഒരുകാര്യത്തെക്കുറിച്ച് ലജ്ജിക്കേണ്ടതില്ല എന്ന് ഒരാളോട് പറയുമ്പോൾ പലപ്പോഴും വിപരീതഫലമാണ് ഉണ്ടാവുക. നമ്മിലെ ലജ്ജയെ നാം ആത്മീയതയുടെ കണ്ണിലൂടെ മനസ്സിലാക്കുകയാണ് വേണ്ടത്. നമ്മുടെ പാപങ്ങൾക്കു പരിഹാരമായി ചിന്തപ്പെട്ട രക്തം നമ്മിലെ കുറ്റബോധം കഴുകിക്കളയുന്നത് കുമ്പസാരത്തിൽ നാം അനുഭവിക്കുന്നു. നമ്മിലെ ലജ്ജയെ അവൻ തന്റെ ശരീരത്തിൽ വഹിച്ചുകൊണ്ട് കുരിശിലേറി ജ്ഞാനസ്നാനത്തിലൂടെ അവന്റെ മരണോത്ഥാനങ്ങളുടെ വിജയത്തിൽ നാം പങ്കുചേരുന്നു. ക്രിസ്തുവിനോട് ജ്ഞാനസ്നാനത്തിലൂടെ ഒന്നായിത്തീർന്നവൻ ഒരു പുതിയസൃഷ്ടിയാണ്. ലജ്ജയിൽ മൂടിയ പഴയ മനുഷ്യൻ കടന്നുപോയി. അതോടൊപ്പം ഒരു ആത്മീയഗുരുവിനോടോ വിശ്വസിക്കാവുന്ന മറ്റാരോടെങ്കിലുമോ തുറന്നു സംസാരിക്കുന്നതും പ്രാർത്ഥിക്കുന്നതും ഈ തിരിച്ചറിവ് ഉറപ്പിക്കുന്നതിനു സഹായകമാകും.

തങ്ങളുടെ നാണം മറയ്ക്കാൻ ദൈവത്തെ അനുവദിച്ച ആദിമാതാപിതാക്കളെപ്പോലെ, യേശുവിന്റെ ബലിയിലൂടെ നേടിയെടുത്ത നീതിയാകുന്ന വസ്ത്രം നമ്മെ ധരിപ്പിക്കാൻ നാം ദൈവെത്ത അനുവദിക്കണം. ലജ്ജയല്ല, നമ്മെ നിർവചിക്കേണ്ടത്. നീതിയുടെ കുപ്പായത്തിലാണ് നാം നമ്മെത്തന്നെ കാണേണ്ടത്. വി. ജോൺ പോൾ രണ്ടാമൻ മാർപാപ്പ പറയുന്നതുപോലെ ''നാം നമ്മിലെ ദൗർബല്യങ്ങളുടെയും പരാജയങ്ങളുടെയും ആകെത്തുകയല്ല. മറിച്ച് നമ്മോടുള്ള ദൈവസ്നേഹത്തിന്റെയും ക്രിസ്തുവിന്റെ പ്രതിഛായയാകാനുള്ള കഴിവിന്റെയും ആകെത്തുകയാണ്''

ഡോ. അഭീഷ് ആന്റണി

സൈക്കാട്രിസ്റ് ആയി ജോലിനോക്കുന്ന അഭീഷ് ഭാര്യ അനുവിനോടും അഞ്ചു കുട്ടികളോടും ഒപ്പം പെർത്തിൽ താമസിക്കുന്നു. ഓസ്ട്രേലിയ നാഷണൽ ഫോർമേഷൻ ടീമിന്റെ കോഓർഡിനേറ്ററാണ്.

*Prepared by Jesus Youth International Formation Team.*
*Email: formation@jesusyouth.org*